


# യഥാർത്ഥ സൗഹൃദം

സിറാക്കുസ് എന്ന ഗ്രാമത്തിൽ രണ്ട് കൂട്ടുകാരുണ്ടായിരുന്നു. ഡാമനും പൈത്തിയാസും. അവർ വളരെ ആത്മാർത്ഥ സുഹൃത്തുക്കളായിരുന്നു. ബുദ്ധിമുട്ടു വരുമ്പോൾ പരസ്പരം സഹായിക്കാൻ അവരെപ്പോഴും തയ്യാറായിരുന്നു. ആ രാജ്യത്തിലെ രാജാവ് ക്രൂരനും ദുഷ്ടനുമായിരുന്നു. പൈത്തി

യാസ് രാജാവിന്റെ ദുഷ്പ്രവർത്തികളെക്കുറിച്ച് ജനങ്ങളോട് പറഞ്ഞതായി രാജാവിന് വിവരം ലഭിച്ചു.

പൈത്തിയാസിനെ ഉടനെ പിടികൂടി തൂക്കിക്കൊല്ലാൻ രാജാവ് വിധിച്ചു.

പൈത്തിയാസിന് മരിക്കാൻ ഭയമുണ്ടായിരുന്നില്ല. പക്ഷേ, അതിന് മുമ്പ് ദൂരെ ഗ്രാമത്തിൽ താമസിക്കുന്ന തന്റെ മാതാപിതാക്കളെ ഒന്നു കാണണമെന്ന് പൈത്തിയാസ് ആഗ്രഹിച്ചു.

ഡാമൻ ജയിലിൽ കാണാൻ വന്നപ്പോൾ ഈ ആഗ്രഹം പൈത്തിയാസ് ഡാമനോട് പറഞ്ഞു.

ഡാമൻ രാജാവിനെ സമീപിച്ച് പൈത്തിയാസിന്റെ അപേക്ഷയറിയിച്ചു. ''എന്റെ കൂട്ടുകാരന്റെ അന്ത്യാഭിലാഷം നടത്തിക്കൊടുക്കാൻ അങ്ങ് ദയവായി സമ്മതിക്കണം. പൈത്തിയാസിനു പകരം എന്നെ ജയിലിലടച്ചുകൊള്ളൂ. അവൻ മടങ്ങി വരുന്നത് വരെ ഞാൻ ജയിലിൽ കഴിയാം. തൂക്കിക്കൊല്ലാൻ വിധിച്ച ദിവസം പൈത്തിയാസ് മടങ്ങി വന്നില്ലെങ്കിൽ അവന് പകരം എന്നെ തൂക്കിക്കൊല്ലാം!'' എന്ന് ഡാമൻ പറഞ്ഞതു കേട്ടപ്പോൾ രാജാവിന് ആശ്ചര്യം തോന്നിയെങ്കിലും ആ നിർദ്ദേശം സ്വീകരിച്ചു.

സുഹൃത്തിനോട് നന്ദി പറഞ്ഞ് മാതാപിതാക്കളെ കാണാനായി ഗ്രാമത്തിലേക്ക് പൈത്തിയാസ് യാത്രതിരിച്ചു.

ഏഴു ദിവസങ്ങൾ കടന്നു പോയി. അവസാനം പൈത്തിയാസിനെ തൂക്കികൊല്ലാൻ വിധിച്ച ദിവസവുമെത്തി.

രാജാവ് ഡാമനെ വിളിച്ചു വരുത്തി അവനോടു പറഞ്ഞു ''ഇന്നു നിന്റെ സുഹൃത്തിന് വധശിക്ഷ കിട്ടേണ്ട ദിവസമാണെന്ന് നിനക്കറിയാമെന്ന് എനിക്കുറപ്പുണ്ട്. പക്ഷെ, നിന്റെ സുഹൃത്ത് വാക്ക്

## നെഫോളജി

മേഘങ്ങളെക്കുറിച്ചുള്ള പഠന ശാഖയാണ് നെഫോളജി. ബ്രിട്ടീഷ് കാലാവസ്ഥാ ശാസ്ത്രജ്ഞനായ ലൂക്ക് ഹൊവാർഡാണ് മേഘങ്ങളെ ആദ്യമായി വർഗീകരിച്ചത്.



പാലിച്ചില്ലല്ലോ. അവന് സ്വന്തം ജീവനാണ് വലുത് എന്ന് തോന്നിയിട്ടുണ്ടാവും. അല്ലെങ്കിലും ആദ്യത്തെ ദിവസം തന്നെ എനിക്ക് തോന്നിയിരുന്നു അവൻ തിരിച്ചു വരാൻ പോകുന്നില്ല എന്ന്. ഇന്നത്തെക്കാലത്ത് സൗഹൃദം എന്നൊന്നില്ല. ബന്ധങ്ങളെല്ലാം സ്വാർത്ഥതക്കു വേണ്ടി മാത്രമാണ്. നിന്റെ ഈ ദയനീയാവസ്ഥ കണ്ടിട്ട് എനിക്ക് നിന്നോട് സഹതാപം തോന്നുന്നു. പക്ഷേ, അവനു പകരം നീ മരിച്ചേ പറ്റൂ.''

''ബഹുമാനപ്പെട്ട രാജാവേ, എനിക്കു പൈത്തിയാസിനെ നന്നായറിയാം. ഏറ്റവും ആത്മാർത്ഥതയുള്ള ഒരു കൂട്ടുകാരനാണവൻ. എന്നെ വഞ്ചിക്കാനോ പറ്റിക്കാനോ ഒന്നും അവൻ ശ്രമിക്കില്ല. അവൻ വരാൻ വൈകുന്നു എന്നതു ശരി തന്നെ. ഒരു പക്ഷേ, അവന്റെ കഴിവിനതീതമായി അപ്രതീക്ഷിതമായ എന്തോ പ്രശ്നമുണ്ടായിരിക്കാം.

അവൻ തീർച്ചയായും വരുമെന്നും സ്വന്തം വാക്കു പാലിക്കുമെന്നും എനിക്കുറപ്പുണ്ട്. സൂര്യനസ്തമിക്കാൻ ഇനിയും ഒരു മണിക്കൂറുണ്ടല്ലോ. അതിന് മുമ്പ് പൈത്തിയാസ് വന്നില്ലെങ്കിൽ ഞാൻ അവന് വേണ്ടി മരിക്കാനും തയ്യാറാണ്. എന്നെപ്പറ്റി എനിക്ക് വിഷമമില്ല.

അവന്റെ ക്ഷേമത്തെക്കുറിച്ച് എനിക്ക് വേവലാതിയുണ്ട്. ദൈവം അവന് ആരോഗ്യവും സുരക്ഷിതത്വവും നൽകട്ടെ.'' എന്ന് ഡാമൻ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു.

ഒരു മണിക്കൂർ കഴിഞ്ഞു. സൂര്യാസ്തമയമായി. പക്ഷേ, പൈത്തിയാസ് മാത്രം എത്തിയില്ല. തൂക്കിലേറ്റാനായി ഡാമനെ പട്ടാളക്കാർ കൂട്ടിക്കൊണ്ടു വന്നു. തൂക്കുകയർ കഴുത്തിലിടുന്നതിന് മുമ്പ് കുതിരപ്പുറത്തു കയറി വന്ന ഒരു യുവാവ് ''നിർത്തു നിർത്തു'' എന്നുറക്കെ വിളിച്ചു പറഞ്ഞു. അത് പെത്തിയാസായിരുന്നു.

''ദൈവത്തിനു നന്ദി! ഞാൻ കൃത്യസമയത്തെത്തിയല്ലോ!'' കിതച്ചു കൊണ്ട് പൈത്തിയാസ് പറഞ്ഞു. ''ഞാൻ നേരത്തെ പുറപ്പെട്ടിരുന്നു. പക്ഷേ, എന്റെ കുതിര വഴിക്കുവെച്ച് ചത്തു പോയി. വേറൊരു കുതിരയെ കിട്ടാൻ താമസം വന്നു. ഡാമൻ, എന്റെ കൂട്ടുകാരാ, നിനക്കൊരായിരം നന്ദി! ഞാനെന്റെ അച്ഛനമ്മമാരെ കണ്ടു. ഇനിയെനിക്കു സന്തോഷത്തോടെ മരിക്കാം.''

ഡാമൻ പറഞ്ഞു: ''നീയെന്തിനാണ് തിരിച്ചു വന്നത്? നിന്റെ മാതാപിതാക്കൾക്ക് നിന്നെ വേണം. ഞാനൊരനാഥനല്ലേ? നിനക്ക് വേണ്ടി ഞാൻ മരിക്കുമായിരുന്നു. സ്വർഗത്തിലെത്തി എന്റെ മാതാപിതാക്കളോടൊപ്പം ചേരാമല്ലോ?'' ''-രണ്ടു പേരും കരഞ്ഞു കൊണ്ട് ആലിംഗനം ചെയ്തു. അതു കണ്ടപ്പോൾ വധശിക്ഷ നടപ്പിലാക്കുന്നതു കാണാൻ വന്ന ജനങ്ങളുടെ കണ്ണു നിറഞ്ഞു. ദുഷ്ടനായ രാജാവിന്റെയും മനസ്സലിഞ്ഞു.

സൗഹൃദത്തിന്റെ പേരിൽ ജീവിതം പോലും ത്യജിക്കാൻ തയ്യാറായ ആ കൂട്ടുകാരെ കണ്ടപ്പോൾ രാജാവ് പറഞ്ഞു: ''നിങ്ങളിലാരും മരി

ക്കേണ്ട. രണ്ടുപേരെയും ഞാൻ വെറുതെ വിടുന്നു. യഥാർത്ഥ സൗഹൃദമെന്തെന്ന് നിങ്ങളെനിക്കു കാണിച്ചു തന്നു. നിങ്ങളെപ്പോലെയുള്ള കൂട്ടുകാർ അപൂർവ്വമാണ്. ഒരാൾ മറ്റൊരാൾക്കു വേണ്ടി മരിക്കാൻ തയ്യാറാവുന്നു! മറ്റേയാളാണെങ്കിൽ ഓടി രക്ഷപ്പെടുന്നതിന് പകരം, മരിക്കാനായി തിരിച്ചു വന്നിരിക്കുന്നു!

നിങ്ങളെപ്പോലെ ഒരു ആത്മാർത്ഥ സുഹൃത്തിനെ എനിക്കു കിട്ടുകയാണെങ്കിൽ ഈ സ്വത്തും രാജ്യവുമെല്ലാം ത്യജിക്കാൻ ഞാൻ തയ്യാറാണ്. ഇനി മുതൽ നിങ്ങൾ രണ്ടു പേരുടെയും നിർദ്ദേശവും ഉപദേശവും സ്വീകരിച്ചു കൊണ്ട് നല്ല തരത്തിൽ ഞാനീ രാജ്യം ഭരിക്കും!''

അങ്ങനെ ആത്മാർഥ സൗഹൃദത്തിന്റെ ഉദാഹരണമായ ആ കൂട്ടുകാർ രാജാവിന്റെയും ജനങ്ങളുടെയും ഹൃദയം കീഴടക്കി.

● ഡോ. നളിനി ജനാർദ്ദനൻ

